# പതിനാലാം കേരള നിയമസഭ
# പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2735 — 13.03.2020-ൽ മറുപടിക്ക്

## സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന്റെ മാനദണ്ഡങ്ങൾ

**ചോദ്യം**
**ശ്രീ. പി.വി. അൻവർ**

(എ) എൽ.പി. സ്കൂളുകൾ യു.പി. സ്കൂളുകളാക്കി അപ്ഗ്രേഡ് ചെയ്യുന്നതിന്റെ മാനദണ്ഡങ്ങളെന്തൊക്കെയാണെന്ന് വിശദമാക്കാമോ; എത്ര വർഷം മുമ്പാണ് ഇത്തരം പ്രോസസ് നടന്നിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) മലപ്പുറം ജില്ലയിൽ എൽ.പി. സ്കൂൾ യു.പി. സ്കൂൾ ആക്കുന്നതിനും, യു.പി. സ്കൂൾ ഹൈസ്കൂൾ ആക്കുന്നതിനും വേണ്ടി ഏതൊക്കെ വിദ്യാലയങ്ങളാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) അർഹതയുള്ള സ്കൂളുകളെ അപ്ഗ്രേഡ് ചെയ്യുന്നതിനാവശ്യമായ നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ; സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്ന കാര്യം ഈ സർക്കാർ പരിഗണിക്കുമോ; വിശദമാക്കാമോ?

**ഉത്തരം**
**പ്രൊഫ. സി. രവീന്ദ്രനാഥ്**
**(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി)**

(എ) യും (ബി) യും (സി) യും

കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അധ്യായം V ചട്ടം 2, 2 (a) എന്നിവയിൽ പ്രതിപാദിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടും സംസ്ഥാനത്തെ സ്കൂളുകൾ നിലനിൽക്കുന്ന പ്രദേശങ്ങളിലെ വിദ്യാഭ്യാസ ആവശ്യകത പരിഗണിച്ചുകൊണ്ടുമാണ് എൽ.പി. സ്കൂൾ യു.പി. സ്കൂളുകളാക്കി അപ്ഗ്രേഡ് ചെയ്തു വന്നിരുന്നത്. കൂടാതെ കേരള വിദ്യാഭ്യാസ അവകാശ ചട്ടങ്ങളിലെ ചട്ടം 6(2) പ്രകാരം സംസ്ഥാനത്ത് നിലവിലുള്ള എല്ലാ ഗവൺമെന്റ് സ്കൂളുകളും എയ്ഡഡ് സ്കൂളുകളും ഘട്ടംഘട്ടമായി അതാതു പ്രദേശത്തെ തദ്ദേശഭരണാധികാരികളുടെയും (Local Authority) ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെയും (AEO) ശുപാർശകളുടെയും, നിലവിലെ സ്കൂളുകളുടെ സമീപപ്രദേശങ്ങളിലെ സ്കൂളുകളിലെ അത്തരം ക്ലാസ്സുകളുടെ ലഭ്യതയും, വിലയിരുത്തി സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നത് നടപടികൾ കൈക്കൊള്ളേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. KER നടപടി ക്രമങ്ങളിലെ ആദ്യഘട്ടമായ സ്കൂൾ മാപ്പിംഗ് പൂർത്തീകരിച്ച് 2017 – ൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. വിജ്ഞാപനം ചെയ്ത പ്രദേശത്തെ സർക്കാർ സ്കൂളുകളെ മാത്രം പരിഗണിക്കുന്നതിന് തത്വത്തിൽ സർക്കാർ തീരുമാനമെടുത്തിരുന്നു. ഓരോ സ്കൂളിന്റെയും നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ കണക്കാക്കി ഭൗതിക സാഹചര്യങ്ങൾ നിലവിലില്ലെങ്കിൽ ആയത് എങ്ങനെ ലഭ്യമാക്കാൻ കഴിയുമെന്നുള്ള ശുപാർശ സഹിതം റിപ്പോർട്ട് സമർപ്പിക്കുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ